3. നബാർഡിൽനിന്നും പദ്ധതികൾക്ക് ലഭ്യമാകുന്ന വായ്പ ആ പദ്ധതികളുടെ നടത്തിപ്പിന് വേണ്ടി മാത്രമേ ഉപയോഗപ്പെടുത്താൻ പാടുള്ളൂ.

4. നബാർഡ് വായപ അനുവദിക്കുന്ന കാലത്ത് നിലവിലിരിക്കുന്ന ബാങ്ക് പലിശ നിരക്കിനേക്കാളും 2 ശതമാനം കൂടുതലായിരിക്കും നബാർഡിന്റെ പലിശനിരക്ക്.

5. നബാർഡ് വായ്പ തുല്യ വാർഷിക ഗഡുക്കളായി വായ്പ ലഭ്യമായ തീയതി മുതൽ 7 വർഷത്തിനകം അടച്ചുതീർക്കണം. ഇതിൽ 2 വർഷം ഗ്രേസ് പീരിയഡാണ്. പലിശ മൂന്ന് മാസത്തിലൊരിക്കൽ സംസ്ഥാന സർക്കാർ അടയ്ക്കണം.

6. നബാർഡ് സഹായത്തോടെയുള്ള പദ്ധതികളുടെ സുഗമമായ നടത്തിപ്പിനും വായ്പാ ഗഡുക്കളുടെയും പലിശയുടെയും മറ്റും തിരിച്ചടവിനുമായി സംസ്ഥാന സർക്കാർ ബജറ്റിൽ പര്യാപ്തമായ തുക വകയിരുത്തേണ്ടതാണ്.

7. നബാർഡിൽനിന്നും വായ്പ ലഭ്യമാകുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്. നിശ്ചിത കാലയളവിനുള്ളിൽ പദ്ധതി പൂർത്തിയാക്കാൻ കഴിയാതെ വന്നാൽ അതിനുള്ള കാരണം നബാർഡിനെ അറിയിക്കേണ്ടതും അതിന് നബാർഡിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതുമാണ്.

ജപ്പാൻ ഗവൺമെന്റിന്റെ സഹായത്തോടെ നടപ്പാക്കുന്ന കുടിവെള്ള പദ്ധതി

58 [234] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ ഗവൺമെന്റിന്റെ സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന കുടിവെള്ള പദ്ധതിയിൽ ഏതൊക്കെ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം തുടങ്ങിയെന്ന് വെളിപ്പെടുത്താമോ;

(ബി) ഇനി തുടങ്ങുവാൻ ബാക്കിയുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) ഓരോ പദ്ധതിക്കും വേണ്ടിയുള്ള മതിപ്പ് ചെലവ് എത്രയാണ്; ഇതിനകം ഓരോ പദ്ധതിക്കും ചെലവാക്കിയ തുക എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതികൾ ഓരോന്നും എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ജപ്പാൻ ഗവൺമെന്റിന്റെ സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുന്ന തിരുവനന്തപുരം നഗരത്തിനും പ്രാന്തപ്രദേശങ്ങൾക്കുമുള്ള വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പദ്ധതി, മീനാടിനും സമീപഗ്രാമങ്ങൾക്കുമുള്ള സമഗ്രശുദ്ധജലവിതരണ പദ്ധതി (കൊല്ലം ജില്ല),

LIBRARY ARCHIVES Kerala Legislative Assembly

ചേർത്തലയ്ക്കും സമീപ ഗ്രാമങ്ങൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി (ആലപ്പുഴ ജില്ല), കോഴിക്കോട് നഗരത്തിനും പ്രാന്തപ്രദേശങ്ങൾക്കുമുള്ള വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പദ്ധതി, വട്ടുവത്തിനും സമീപഗ്രാമങ്ങൾക്കുമുള്ള സമഗ്രശുദ്ധജലവിതരണ പദ്ധതി (കണ്ണൂർ ജില്ല) എന്നീ അഞ്ച് പദ്ധതികളുടെയും സർവ്വേ, ഡിസൈൻ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. എല്ലാ പദ്ധതികളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഓരോ പദ്ധതിയുടെയും മതിപ്പ് ചെലവ് (ജെ.ബി.ഐ.സി. അംഗീകരിച്ച പുതുക്കിയ ഫീസിബിലിറ്റി റിപ്പോർട്ട് പ്രകാരമുള്ളത്) ചെലവാക്കിയ തുക എന്നിവ താഴെ പറയുന്നു:

പദ്ധതി	മതിപ്പ് ചെലവ് (കോടി രൂപയിൽ)	ചെലവാക്കിയ തുക (ലക്ഷം രൂപയിൽ)
തിരുവനന്തപുരം	204.29	5.70
മീനാട്	162.16	74.93
ചേർത്തല	242.97	116.38
കോഴിക്കോട്	428.40	1,075.31
പട്ടുവം	203.84	314.93
		1,912.95

(പൊതുവായ ചെലവുകൾ)

(സി) 2007 ആഗസ്റ്റ് മാസത്തോടെ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി

59 [235] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഫറോക്ക് ഗ്രാമപഞ്ചായത്തിനെ ഉൾപ്പെടുത്തണമെന്ന ആവശ്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പഞ്ചായത്തിനെ ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജപ്പാൻ സഹായത്തോടെ കോഴിക്കോടിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജലപദ്ധതിയിൽ ഫറോക്ക് പഞ്ചായത്ത് ഉൾപ്പെട്ടിട്ടില്ല. ഫറോക്ക് പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം കണക്കിലെടുത്ത് പദ്ധതി പൂർത്തിയായതിനുശേഷം ഈ പദ്ധതിയിൽ നിന്ന് ജലം ലഭ്യമാക്കാൻ സാധിക്കുമോയെന്ന കാര്യം പ്രത്യേകമായി പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly